# ആമുഖം

ഏതെങ്കിലും രാജ്യത്തെ സംബന്ധിച്ചോ സമുദായപരമായോ കുടുംബസംബന്ധമായോ വ്യക്തികളെപ്പററിയോ ഒഴിച്ചുകൂടാത്ത ഒന്നാണ്, ചരിത്രം. ലോകാരംഭം മുതൽ അത് ആരംഭിക്കുന്നു. അതിന് അതിമഹനീയമായ ഒരു സ്ഥാനവും ഉണ്ട്. ചരിത്രം വിവിധവർണ്ണശബളമായ ഒരു പട്ടാംബരമാണ്. അതിന്റെ ബഹുമുഖങ്ങളായ വിവിധവശങ്ങൾ അതിന് ആകർഷകമായ നിറപ്പകിട്ടു നൽകി ഉജ്ജ്വലതാക്കിത്തീർക്കുന്നു; അതേസമയത്തുതന്നെ അതിനെ കരിചാർത്തി വികൃതമാക്കുകയും ചെയ്യുന്നു. ചരിത്രം ഒരു വശത്ത് നിണപങ്കിലമായ കൈകളാൽ ഒരാളുടെ ജീവചരിത്രത്തിന്റെ നിറം ഭയാനകമാക്കിത്തീർക്കുന്നു; അതേസമയത്തുതന്നെ വേറൊരുവശത്ത് സ്നേഹത്തുടിപ്പുകളാൽ വേറൊരാളുടെ ചരിത്രം ശ്യാമകോമളമാക്കിയും തീർക്കുന്നു. ചരിത്രകാരൻ സംഭവങ്ങളുടെ ശരിയായ ഒരു ചിത്രം വാക്കുകൾകൊണ്ടു വരച്ചുകാണിക്കുക മാത്രമാണു ചെയ്യുന്നത്. രാജ്യത്തിലെ അല്ലെങ്കിൽ സമുദായത്തിലെ പിൻതലമുറക്കാർ മുമ്പെഴുതപ്പെട്ട ആ ചരിത്രചിത്രം കണ്ടു ഗ്രഹിച്ചാണ്, പൂർവവിവരങ്ങൾ ശരിക്കു ഗ്രഹിക്കുന്നത്. രാജ്യത്തിന്റെയും സമുദായത്തിന്റെയും കുടുംബത്തിന്റെയും വ്യക്തികൾ ഓരോരുത്തരുടെയും പൂർവ്വചരിത്രങ്ങൾ പിൽക്കാലങ്ങളിൽ അറിഞ്ഞ് നാം അഭിപ്രായങ്ങൾ രൂപീകരിക്കുന്നത് ചരിത്രമാകുന്ന ഈ ചിത്രദർശനംമൂലവുമാകുന്നു.

ആലോചനാശക്തിയും വിവേകവും ഉള്ള ഏതൊരു മനുഷ്യജീവിക്കും അവന്റെ നാടിന്റെയും കുടുംബത്തിന്റെയും പൂർവ്വികന്മാരുടെയും ചരിത്രം അറിഞ്ഞാസ്വദിക്കുവാനുള്ള സ്വാഭാവികമായ ആഗ്രഹവും ആവേശവും വളരെക്കൂടുതലായിക്കാണാറുണ്ട്. ബാല്യകാലം മുതൽതന്നെ മനുഷ്യർക്ക് ആ അഭിരുചി രൂഢമൂലമായിക്കാണാം. കുഞ്ഞുങ്ങൾ തങ്ങളുടെ മാതാപിതാക്കന്മാരുടെയും പ്രായമുള്ളവരുടെയും ചുററിലും കൂടി പ്രശന്തമതികളായ തങ്ങളുടെ പൂർവ്വികന്മാരുടെ അപദാനങ്ങൾ എത്ര ആനന്ദത്തോടുകൂടിയാണ് ശ്രവിക്കാറുള്ളത്? തന്മയത്വമായി ആ പൂർവ്വചരിത്രം ചില അമ്മമാരും മററും പറഞ്ഞുകേൾക്കുമ്പോൾ കുട്ടികൾ സ്വാഭിമാനപുളകിതരായി കുതിച്ചു ചാടാറുണ്ട്. ഒരു പക്ഷെ ആ പൂർവ്വികന്മാർ കൊലപാതകികളോ ചോരന്മാരോ അഭിമാനപ്രദമല്ലാത്ത ജീവിതരീതി സ്വീകരിച്ചിരുന്നവരോ ആയിരിക്കാം. കേൾക്കുന്ന തങ്ങളുടെ പൂർവ്വികന്മാരുടെ മോശമായ ജീവിതരീതി തങ്ങളും തുടരുന്നതു ശരിയല്ലെന്നും അതിനൊരു വിരാമമിടണമെന്നും ഉടനെതന്നെ ചിലർ തീർച്ചയാക്കി ശപഥം ചെയ്യേക്കാം. തങ്ങളുടെ കാലത്തെങ്കിലും കുടുംബനില ഉദ്ധരിക്കണ

മെന്നു് ചിലരെങ്കിലും ദൃഢവ്രതരായേക്കാം. അതു് പ്രായോഗികമാക്കി കുടുംബം ഉദ്ധരിക്കുവാൻ കുറേപ്പേർക്കെങ്കിലും സാധിക്കയും ചെയ്യേക്കാം. ഒരു കാലത്തു് ഹീനമായ ചരിത്രമുണ്ടായിരുന്ന എത്ര കുടുംബങ്ങൾ പിൽക്കാലത്തു് ശോഭനമായ ഭാവിയെ സ്വാഗതം ചെയ്യുന്നില്ല? ഉയരുന്നില്ല? ഉൽക്കൃഷ്ടസോപാനത്തിന്റെ അത്യുച്ചകോടിയിലേക്കു നയിക്കുന്നില്ല? പൂർവ്വചരിത്രഗ്രഹണമാണിതിനു നിദാനമെങ്കിൽ ആ ചരിത്രത്തിന്റെ മഹനീയത എത്രമാത്രമായിരിക്കും? ഉണ്ടു്; ചരിത്രത്തിനു് അതിമഹനീയമായ ഒരു സ്ഥാനംതന്നെ ലോകത്തിലുണ്ടു്. രാജ്യത്തിലും സമുദായമദ്ധ്യത്തിലും കുടുംബരംഗത്തും സമുൽകൃഷ്ടമായ ഒരു സ്ഥാനമാണു് അതിനു നൽകപ്പെട്ടിട്ടുള്ളതു്. അതുകൊണ്ടാണു്, വിദ്യാലയങ്ങളിലും മറ്റും ചരിത്രപഠനത്തിനു് സമുന്നതമായ ഒരു സ്ഥാനം ഗവൺമെന്റു് പാഠപദ്ധതിയിൽപോലും കൊള്ളിച്ചിട്ടുള്ളതു്. എന്നാൽ സർവ്വകലാശാലാബിരുദങ്ങൾ നേടിയിട്ടുള്ള അഭ്യസ്തവിദ്യരായ പലർക്കുപോലും രാജ്യപൊതുചരിത്രങ്ങളല്ലാതെ സ്വന്തനാട്ടിന്റെയോ സ്വകുടുംബത്തിന്റെയോ പൂർവ്വികന്മാരുടെയോ ചരിത്രം, ബഹുഭൂരിപക്ഷംപേർക്കും ലജ്ജാവഹമാംവിധം അജ്ഞാതമായിരിക്കും. പലരും അതിനെ അവഗണിക്കുന്നു. അവരവരുടെ നാട്ടുചരിത്രവും കുടുംബചരിത്രവും വ്യക്തികളുടെ മോഹനമായ ചരിത്രംപോലും ഇങ്ങനെ കാലപ്പഴക്കത്തിൽ കാറ്റിൽ ലയിച്ചു് ജലരേഖപോലെ ഒരു കാലത്തു് കേവലം അജ്ഞാതമായിത്തീരുന്നു. പിന്നിൽ വരുന്ന ഭാവിതലമുറക്കാർ ഇക്കാര്യത്തിൽ എത്രതന്നെ ജിജ്ഞാസുക്കളായിരുന്നാൽപോലും ആ ചരിത്രവിവരങ്ങൾ ഗ്രഹിക്കുന്നതിൽ അവർ നിരാശ്രയരായി നിരാശാഗർത്തത്തിലേക്കു താഴുകയേ നിവൃത്തിയുണ്ടാകയുള്ളു. ഉപ്രകാരം എത്തുംപിടിയും കിട്ടാതെ ഉഴലുന്ന ഈ ദുരനുഭവസ്ഥന്മാർ ഇക്കാലത്തു് കുറച്ചൊന്നുമല്ലതന്നെ!

കേരളത്തിലെ മാർത്തോമ്മാനസ്രാണികൾക്കു് 19 നീണ്ട നൂറ്റാണ്ടുകാലത്തെ അതിമഹനീയമായ ഒരു ചരിത്രമുള്ളവരാണല്ലോ? ഭാരതത്തിന്റെ പ്രഥമ അപ്പോസ്തലനായ മാർ തോമ്മാശ്ലീഹായിൽനിന്നു് നേരിട്ടു ജ്ഞാനസ്നാനം സ്വീകരിച്ച അതിപുരാതന കുടുംബങ്ങൾതന്നെ കേരളത്തിൽ ഇന്നു സഹസ്രക്കണക്കിനുണ്ടു്. ആ കുടുംബങ്ങളിൽപെട്ട പലർക്കും സ്വകുടുംബജരെത്തന്നെ ഇന്നു തിരിച്ചറിഞ്ഞുകൂടാ. അവരുടെ പൂർവ്വികമഹത്വവും പലർക്കും അറിഞ്ഞുകൂടാ.! അതറിയുവാൻ എന്തു ക്ലേശം സഹിക്കാനും ചിലർ സന്നദ്ധരാണു്. പക്ഷെ ആ ഇരുളടഞ്ഞ പൂർവ്വവഴികളിൽ പ്രകാശം പരത്തി ലക്ഷ്യസ്ഥാനം പ്രാപിക്കുവാൻ അശക്തരായി ഇടയ്ക്കു വഴിയിൽ തളരുന്നവരുടെ സംഖ്യയും ഒട്ടും കുറവല്ല. ചരിത്രം ശരിയായി എഴുതി സൂക്ഷിക്കാതിരുന്ന പൂർവ്വന്മാരെ പലരും പഴിക്കുന്നതു കേൾക്കാറുണ്ടു്. എന്നാൽ പിൽക്കാലത്തു് ഈ കൂട്ടരെയെങ്കിലും തങ്ങളുടെ പിൻഗാമികൾ പഴിക്കാതെ സ്വകർത്തവ്യം പാലിക്കുന്നവരെത്ര കാണും? ചരിത്രവിവരങ്ങൾ അതതുകാലത്തു രേഖപ്പെടുത്തി സൂക്ഷിക്കുന്ന പതിവില്ലാതിരിക്കുക; കുറെ വല്ലയിടത്തും വല്ലവരും ഒരു കാലത്തു ഗ്രന്ഥവരികളിലും മറ്റും വല്ലതും രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നാലും

ഒരു പിൻഗാമി അതിൽ ശ്രദ്ധാലുവല്ലെങ്കിൽ അത് ചിതലിന് ആഹാരമായി നഷ്ടപ്പെടുത്തുക; ഇനിയെങ്കിലും കഴിവതു ശ്രമിക്കുവാൻ പിൻതലമുറക്കാരിൽ ചിലർ ആഗ്രഹിച്ചാൽതന്നെ, അതിലേക്കുവേണ്ടി വരുന്ന ധനവിനിമയം ഒരു അനാവശ്യമായിക്കരുതി അതിൽ അലസരാവുക; മുതലായവകളാൽ ഇതുവരെ ഇരുളടഞ്ഞിരുന്ന പല മഹനീയ ചരിത്രവിവരങ്ങളും കുറേക്കൂടി അന്ധകാരാവൃതമായിത്തന്നെ കൂടുതൽ അന്ധകാരകൂപത്തിലേക്കു പതിക്കുകയാണ് സാമ്പ്രതികമായ ഒരു ദുരനുഭവക്കാഴ്ച! ഈ നില മാററി ഇത് സ്വന്തം ഒരവശ്യകർത്തവ്യമാക്കി മുന്നേറുവാനും ഇതിലേക്ക് എന്തു ക്ലേശങ്ങളും സഹിക്കുവാനും നമ്മുടെയാളുകൾ ബദ്ധശ്രദ്ധരാകുന്ന ഒരു കാലം സമീപഭാവിയിലെങ്കിലും ഉണ്ടാകാതെ വരുകയില്ലതന്നെ!

ഈ സ്മാരകഗ്രന്ഥം കുടുംബചരിത്രപരമായ ഒരു ലഘുപ്രസിദ്ധീകരണമാണ്. ഈ ചരിത്രസ്മാരകം, പൗരാണികപ്രശസ്തിയിൽ കേരളത്തിലെ ക്രിസ്തുമതത്തോളം തന്നെ പഴക്കമുള്ളതെന്നു വിശ്വസിക്കപ്പെടുന്ന ഒരു പുരാതനകുടുംബത്തെ സംബന്ധിച്ചതുമാണ്. കല്ലറക്കൽ കുടുംബം സെൻറ് തോമ്മസ് അപ്പോസ്തലൻെറ കാലത്ത് പുരാതന കോക്കമംഗലം ഗ്രാമവിസ്തൃതിയിൽ പള്ളിപ്പുറത്ത് ഒരു നമ്പൂതിരിയില്ലമായിരുന്നു. ആ ഇല്ലക്കാർക്ക് മാർത്തോമ്മാശ്ലീഹായുടെ സ്വന്ത തൃക്കരങ്ങളിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു ക്രിസ്തുവിൻെറ അനുയായികളായിത്തീരുവാൻ അന്നു ദൈവകൃപയാൽ മഹത്തായ ഒരു ഭാഗ്യം സിദ്ധിച്ചു. ആ പുരാതന കുടുംബാംഗങ്ങൾ വിവിധസ്ഥലങ്ങളിലായി ഇക്കാലത്തു ധാരാളം ഉണ്ട്. കഴിഞ്ഞ 1952 ജൂലൈ 3-ാം തീയതി ആ കുടുംബാംഗങ്ങളായി വിവിധദേശങ്ങളിലധിവസിക്കുന്നവരിൽ ഒട്ടേറെപ്പേർ പള്ളിപ്പുറത്തെ സ്വമൂലകുടുംബസ്ഥാനത്തു സമ്മേളിക്കുകയും അന്ന് ആ കുടുംബത്തിൻെറ 19-ാം ശതവത്സരജൂബിലി കൊണ്ടാടുകയും ചെയ്തു. കല്ലറയ്ക്കൽ പൊതുക്കുടുംബാംഗങ്ങളായി വിവിധദേശങ്ങളിൽ നിവസിക്കുന്ന എല്ലാ ഉപശാഖാകുടുംബങ്ങളുടെയും ഒരു സംയുക്ത പൊതുച്ചരിത്രസ്മാരകം പ്രസിദ്ധപ്പെടുത്തുവാൻ അന്ന് ഒരു തീരുമാനമെടുക്കുകയും ആ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയും ആണ്. പക്ഷെ ആ പരിശ്രമം വളരെ വിപുലവും ക്ലേശകരവും ആണ്. അത് അത്ര എളുപ്പത്തിൽ സാദ്ധ്യമാകുന്ന ഒരു കാര്യമാണെന്നും അഭിപ്രായമില്ല. എല്ലാ ശാഖാകുടുംബങ്ങളുടെയും ഒരു ചരിത്രസമാഹാരമായിരിക്കണമല്ലോ അത്. അതിൽപെടുന്ന ഒരു ഉപശാഖമാത്രമാണ് പള്ളിപ്പുറം കല്ലറക്കൽ കടവിൽ കുടുംബം.

ഈ കല്ലറക്കൽ കടവിൽ കുടുംബശാഖയുടെ ഒരു ചരിത്രസംഗ്രഹം ശേഖരിക്കേണ്ടതു് ഏതത്സംബന്ധം എപ്പോഴായാലും അനുപേക്ഷണീയമാണ്. മുൻപ്രസ്താവിച്ച ശതാബ്ദജൂബിലികാര്യാദികളിലും മററും സാമാന്യമായ ഒരു നേതൃത്വം വഹിച്ച ഈ കല്ലറക്കൽകടവിൽ കുടുംബാംഗങ്ങൾ ഈ പരിശ്രമത്തിലും മാർഗ്ഗദർശകമാംവിധം മുൻകൂട്ടിച്ചെയ്യുന്ന ഈദൃശമായ ഒരു വിനീതശ്രമം, പൊതുച്ചരിത്രപരിശ്രമത്തെ കുറേക്കൂടി ത്വരിതപ്പെടുത്തി ഊർജ്ജിതമാക്കുവാൻ ഒരു പക്ഷെ സാധിച്ചേക്കു

മെന്നും ഈ കുടുംബാംഗങ്ങളിൽ പലക്കും അഭിപ്രായമുണ്ട്. മാത്രമല്ല, ഇപ്പോൾ സമാഗതമായിരിക്കുന്ന ഒരു സുവർണ്ണ സന്ദർഭം ഇപ്രകാരമുള്ള ഒരു സ്മാരകംവഴി നിലനിർത്തുന്നതു ശ്രേയസ്കരവും വളരെ സന്ദർഭോചിതവും ആയിരിക്കുമെന്നും ഈ ശാഖാകുടുംബാംഗങ്ങളിൽ ബഹുഭൂരിപക്ഷമാളുകൾക്കും ഏകകണ്ഠമായി അഭിപ്രായവുമുണ്ടായി. ഏതത്സംബന്ധം ഈ കുടുംബശാഖയിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾ സംഘടിച്ച് ബുദ്ധിമുട്ടി വിവരങ്ങൾ ശേഖരിക്കുകയും അവർ അതു് എഴുതിത്തയാർ ചെയ്തു് വായിച്ചംഗീകരിക്കുകയും ചെയ്തശേഷമാണ് ഈ സ്മാരകഗ്രന്ഥം ഇപ്രകാരം രൂപം പ്രാപിച്ചിട്ടുള്ളതു്. ഇപ്പോഴത്തെ ഈ കുടുംബാംഗങ്ങളുടെയും ഭാവിതലമുറക്കാരുടെയും അറിവിലേക്കുവേണ്ടിയുള്ള ഒരു പ്രസിദ്ധീകരണമെന്നല്ലാതെ, ഇതു് ഒരു പൊതുപ്രസിദ്ധീകരണമായി ഞങ്ങൾ കരുതുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നില്ലെന്നുള്ള വിവരവും പ്രത്യേകം പ്രസ്താവ്യമത്രെ!

ഈ സ്മാരകഗ്രന്ഥം, കഷ്ടിച്ച 2–3 ആഴ്ചകൾക്കു മുമ്പു മാത്രം തീരുമാനമെടുത്ത ഒരു ചിന്താസന്താനമാണ്. ഇപ്രകാരം ഒരു സ്മാരകം, ഈ ജൂബിലിയുടെ മഹനീയതക്ക് ഏററവും സമുചിതവും സന്ദർഭോചിതവുമായിരിക്കുമെന്ന് നിശ്ചയിച്ചുകഴിഞ്ഞപ്പോൾ, എങ്ങനെയും അതുടനെ നടപ്പിൽ വരുത്തണമെന്നുള്ള ദൃഢനിശ്ചയത്തിൽ തിടുക്കമായി ഇതിലേക്കു പരിശ്രമം ആരംഭിക്കയാണുണ്ടായതു്. തന്മൂലം പല പാകപ്പിഴകളും കുറവുകളും ഇതിൽ സംഭവിച്ചിട്ടുണ്ടെന്ന് അങ്ങൾക്കുതന്നെ ബോദ്ധ്യമുണ്ട്. കുറേക്കൂടി സമയവും സൗകര്യവും ഉണ്ടായിരുന്നുവെങ്കിൽ പിൻതലമുറക്കാർക്കു കുറേക്കൂടി പ്രയോജനപ്രദമാംവിധം ഇതിനൊരു രൂപം നൽകാമായിരുന്നു.

ഞങ്ങൾ ശേഖരിച്ച വിവരങ്ങൾ ക്രമീകരിച്ച് ഈ രൂപത്തിൽ സംവിധാനം ചെയ്തു തന്ന ഒരു സുഹൃത്തിന്റെ സേവനങ്ങൾ ഞങ്ങൾക്കൊരിക്കലും വിസ്മരിക്കാവുന്നതല്ല. ഈ കുടുംബവുമായി ബന്ധമില്ലാത്ത അദ്ദേഹത്തിന്റെ നാമം ഇതിൽ രേഖപ്പെടുത്തുന്നതു് അദ്ദേഹത്തിനു ഹിതമല്ലാത്തതിനാൽ ആ പേരു പ്രസ്താവിക്കാത്തതാണ്. അതുപോലെ ഒരാഴ്ച കൊണ്ട് ഈ ഗ്രന്ഥത്തിന്റെ മുദ്രണം ഇത്ര മനോഹരമാംവിധം നിർവ്വഹിച്ചുതന്ന മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിലെ പ്രവർത്തകരോടും ഞങ്ങൾക്കുള്ള കടപ്പാടു നിസ്സീമമാണ്.

കല്ലറക്കൽ കടവിൽ കുടുംബശാഖയുടെ ഇക്കാലത്തു കാണുന്ന സർവ്വതോമുഖമായ ശ്രേയസ്സിനും അഭിവൃദ്ധിക്കും ഹേതുകരിൽ പ്രമുഖരായ 3–4 പ്രശസ്ത വ്യക്തികളിൽ അതിപ്രധാനമായ ഒരു പങ്കു വഹിച്ചു പരിശ്രമിച്ച് പൂജ്യസ്മരണാർഹനായിത്തീർന്ന ഒരു പൂർവ്വികനാണ്, പരേതനായ കല്ലറക്കൽ കടവിൽ ശ്രീ വക്കി വക്കി (2–ാമൻ) അവർകൾ. എന്റെ പിതാവായ ഇദ്ദേഹം 1835–ൽ ഭൂജാതനാകയും 70 വയസ്സുവരെ സൗഭാഗ്യമായി ജീവിച്ചിരുന്ന് 1905 ജൂലൈ 16–ാം തീയതി കർമ്മല മാതാവിന്റെ തിരുനാൾ സുദിനത്തിൽ ദിവംഗതനാകയും ചെയ്തു. അരശതാബ്ദക്കാലം അങ്ങനെ സാവധാനം കടന്നുപോയി. അദ്ദേഹത്തിന്റെ

പിതാവായ എന്റെ പിതാമഹൻ ശ്രീ കല്ലറക്കൽ കടവിൽ വക്കി വക്കി (1–ാമൻ) അവർകളുടെ ചരമത്തിന്റെ കനകജൂബിലി ഈ കുടുംബാംഗങ്ങൾ കഴിഞ്ഞ 1935–ൽ സാഘോഷം കൊണ്ടാടുകയുണ്ടായി. അതുപോലെ 1955 ജൂലൈ 16–ാം തീയതിയിലെ നമ്മുടെ അമ്മയായ കർമ്മേലനായികയുടെ തിരുനാൾദിനത്തിൽ എന്റെ പിതാവിന്റെയും ചരമത്തിന്റെ കനകജൂബിലി സുദിനം സമാഗതമാകുകയാണ്. ആ മഹനീയദിനത്തിൽ മററാഘോഷങ്ങളോടൊപ്പം ഇപ്രകാരം ഒരു മഹനീയ സ്മാരകം കൂടി പ്രസിദ്ധപ്പെടുത്തണമെന്നുള്ള അഭിവാഞ്ഛയുടെ ഫലമത്രെ ഈ വിനീതോപഹാരം. ഇതു് വിനീതനായ എന്റെ നേതൃത്വത്തിലും പ്രസാധകത്വത്തിലും നിർവ്വഹിക്കണമെന്നുള്ള എന്റെ കുടുംബാംഗങ്ങളുടെ അഭിലാഷത്തിൽ ഞാൻ അഭിമാനം കൊള്ളുകയും ആഹ്ളാദിക്കുകയും തന്നെ ചെയ്യുന്നു. ഇതു് എന്റെ കുടുംബത്തിന്റെയും എന്റെ അഭിവന്ദ്യപൂർവ്വികരുടെയും ഒരു അഭിമാനകരമായ സ്മരണയെ ഭാവി തലമുറകൾ സ്മരിക്കുവാൻ ഇടയാകുമെന്നുള്ളതാണ് എന്റെ ആനന്ദവും ആഹ്ളാദവും.

എന്റെ മാതാപിതാക്കന്മാരുടെ പത്തു് ഓമനസന്താനങ്ങളിൽ ഞാൻ ഒരുത്തനെങ്കിലും ദൈവമായ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ഒരു വിശ്വസ്തഭൃത്യനായി വേല ചെയ്യുവാൻ അങ്ങു് എന്നെ സകരുണം അനുഗ്രഹിച്ചതിൽ ആ ദിവ്യദാനത്തെപ്പററിയും ഞാൻ അതീവ അഭിമാനം കൊള്ളുകതന്നെ ചെയ്യുന്നു. എന്നാൽ വയോവൃദ്ധനും കേവലം ഒരു സന്ന്യാസജീവിതക്കാരനും ആയ എനിക്ക് എന്റെ കുടുംബത്തിനും കുടുംബാംഗങ്ങൾക്കും എന്റെ പൂർവ്വികന്മാർക്കും വിനീതമായ എന്റെ പ്രാർത്ഥനയല്ലാതെ കാര്യമായി സംഭാവന ചെയ്യുവാൻ യാതൊന്നുമില്ല. "സ്വർണ്ണവും വെള്ളിയും എനിക്കില്ല; എനിക്കുള്ളതു ഞാൻ തരുന്നു" എന്നു് വിശുദ്ധ അപ്പോസ്തലൻ ഉദീരണം ചെയ്തിട്ടുള്ളതുപോലെ, വയോവൃദ്ധനായ എനിക്ക് എന്റെ ഈ ജീവിതസായാഹ്നത്തിൽ സ്നേഹാദരപുരസ്സരം എന്റെ കുടുംബത്തിനും കുടുംബാംഗങ്ങൾക്കും സമുചിതമായി നൽകുവാനുള്ള ഒരു സന്ദർഭോചിത നിക്ഷേപസംഭാവനയായി നിങ്ങളേവരും ഇതു് അംഗീകരിക്കണമെന്നു് അഭ്യർത്ഥിക്കുകയും അപ്രകാരം നിങ്ങളതു സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. കരുണാനിധിയായ ദൈവവും നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായും നമ്മെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ!

എന്നു്,

**കല്ലറയ്ക്കൽ കടവിൽ വലിയ മാത്തൻകത്തനാർ**

ഓർശ്ലേംദേവാലയം,
വൈക്കം, 16–7–1955.